# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

**(സാന്നിദ്ധ്യം. കെ. വി. മോഹൻകുമാർ ഐ.എ.എസ്)**

വിഷയം:- പൊതുവിദ്യാഭ്യാസം- കാസർഗോഡ് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പ്രൊമോഷന് വേണ്ടി കന്നട വിഭാഗത്തിലെ അർഹതപ്പെട്ട ഹെഡ്മാസ്റ്റർ/ ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

പരാമർശം:- 1) കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21/07/2017 തീയതിയിലെ എ1/11347/17 നമ്പർ കത്ത്

2) ഈ ഓഫീസിലെ 25/09/2017 തീയതിയിലെ ഇതേ നമ്പർ നടപടി ഉത്തരവ്

3) ശ്രീ. നന്ദികേശന്റെ 05/10/2017 ലെ അപേക്ഷ

4) കാസറഗോഡ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസറുടെ 05/02/2018 തീയതിയിലെ കെ.ജി.ഡി 1 (1) 3446/12 നമ്പർ കത്ത്

5) കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 06/02/2018 തീയതിയിലെ എ1/14871/16 നമ്പർ കത്ത്

**ഉത്തരവ് നമ്പർ.ഡി4/42592/2017/ഡി.പി.ഐ തീയതി: 07/05/2018**

കന്നട ഭാഷാ ന്യൂനപക്ഷ വിഭാഗത്തിനായി സംവരണം ചെയ്തിരിക്കുന്ന കാസറഗോഡ് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ പ്രൊമോഷന് വേണ്ടി കന്നട വിഭാഗത്തിലെ അർഹതപ്പെട്ട ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സമാന തസ്തികകളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും വായന (1) പ്രകാരം കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ അർഹതപ്പെട്ടവരുടെ ലിസ്റ്റ് അയച്ചു തരികയും ചെയ്തു. ഇതിൻ പ്രകാരം വായന (2) ലെ ഉത്തരവ് പ്രകാരം കന്നട ഭാഷാ ന്യൂനപക്ഷ ഹൈസ്ക്കൂളിലെ പ്രഥമാധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവരുടെ താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ടി താൽക്കാലിക ലിസ്റ്റിനെതിരെ വായന (3) പ്രകാരം ശ്രീ. നന്ദികേശൻ.എൻ ആക്ഷേപം ഉന്നയിച്ച് വായന (5) പ്രകാരം ശ്രീ. നന്ദികേശൻ.എൻ, ശ്രീ. കെ. ജയപ്രകാശ് എന്നിവരിൽ ആരാണ് സീനിയർ എന്ന് നിർണ്ണയിക്കുന്നതിനായി 29/04/1991 ലെ കെ.ജി.ഡി (2) 789/89 എന്ന പി.എസ്.സി അഡ്വൈസിന്റെ പകർപ്പ് കാസറഗോഡ് വിദ്യാഭ്യാസ ഉപഡഡയറക്ടർ ആവശ്യപ്പെടുകയും, പ്രസ്തുത അഡ്വൈസിന്റെ പകർപ്പ് ആരുടെയും സേവന പുസ്തകത്തിൽ ലഭ്യമല്ലാത്തതിനാൽ കാസറഗോഡ് ജില്ലാ പി.എസ്.സി ആഫീസിലേക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ, വായന (4) പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി നിശ്ചയിക്കുന്നത് നിയമന ശിപാർശയിലെ അതാത് ഉദ്യോഗാർത്ഥികളുടെ സ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയാണ്, റാങ്ക് പട്ടികയിലെ

റാങ്ക് പ്രകാരമല്ല. വായന (4) (5) പ്രകാരം, ശ്രീ. നന്ദികേശൻ.എൻ എന്ന ഉദ്യോഗാർത്ഥിയുടെ ക്രമനമ്പർ 3 ഉം ശ്രീ. ജയപ്രകാശ്.കെ എന്ന ഉദ്യോഗാർത്ഥിയുടെ ക്രമ നമ്പർ.7 ഉം ആയതിനാൽ ശ്രീ.എൻ. നന്ദികേശൻ ആണ് ഇവരിൽ സീനിയർ എന്ന് കാസറഗോഡ് ജില്ലാ പി.എസ്.സി ആഫീസറും കാസറഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വായന (2) പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പുന:ക്രമീകരിച്ച് അന്തിമമാക്കി ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്/-
**കെ.വി മോഹൻകുമാർ ഐ.എ.എസ്**
പൊതുവിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താവ്

(1) ശ്രീ. നന്ദികേശൻ.എൻ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
കാസറഗോഡ്.
(2) ശ്രീ.ജയപ്രകാശ്.കെ
ഹെഡ്മാസ്റ്റർ
ജി.എഫ്.എച്ച്.എസ്.എസ്
ബേക്കൽ.
(3) വിദ്യാഭ്യാസ ഉപഡയറക്ടർ
കാസറഗോഡ്.
(4) ഡി (3) വിഭാഗം
(കാസറഗോഡ് ജില്ലാ വിദ്യാഭ്യാസ ആഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്)
(5) സ്റ്റോക്ക് ഫയൽ

ബി.ഒ

**FINAL SENIORITY LIST OF KANNADA KNOWING HM/AEO WHO ARE ELIGIBLE FOR OUT OF TURN PROMOTION TO THE POST OF DEO FOR THE YEAR 2017-2018**

| Rank No | Name | Date of Birth | Date and order No.of promotion as HM | Whether studied Std I to X in Kannada Medium | Whether test qualified or not | Remarks |
|---|---|---|---|---|---|---|
| 1 | Vishalakshi K | 21.10.1963 | D5/905/2013/DPI(2) dated 17.06.2013 | Yes | Yes | Unwillingness to take up the Post of DEO as per letter No.15/3/2018 |
| 2 | Nandikeshan N | 20.04.1968 | D5/905/2013/DPI(2) dated 17.06.2013 | Yes | Yes | |
| 3 | Jayaprakash K | 14.03.1966 | D5/905/2013/DPI(2) dated 17.06.2013 | Yes | Yes | |
| 4 | Bharathi Shenoy M | 02.03.1965 | D5/905/2013/DPI(2) dated 17.06.2013 | Yes | Yes | |
| 5 | Asok D | 01.06.1962 | D5/905/2013/DPI(2) dated 17.06.2013 | Yes | Yes | |
| 6 | Latha K | 19.08.1965 | D5/905/2013/DPI(2) dated 17.06.2013 | Yes | Yes | |
| 7 | Venkatramana Nayak N | 27.04.1964 | D5/15845/2014/DPI(2) dated 16.07.2014 | Yes | Yes | |
| 8 | Yatheeshkumar Rai K | 20.05.1967 | D5/3100/16 dated 17.06.2016 | Yes | Yes | |

//Approved for issue//

Superintendent

Sd/-
Director of Public Instruction